<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 643</u> 01/12/2015-ൽ മറുപടിക്ക്

## <u>മലക്കപ്പാറയിലെ ട്രൈബൽ ആരോഗ്യ കേന്ദ്രം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറയിലെ ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ വേതനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; | (എ) | മലക്കപ്പാറയിലെ ഒ.പി. ക്ലിനിക് ഉൾപ്പെടെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള അഞ്ച് ഒ.പി. ക്ലിനിക്കുകളിലെ ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് ഏകീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് *(ജി.ഒ. (എം.എസ്) നം. 93/2015/പജപവവിവ തീയതി 30/11/2015)*. പകർപ്പ് **<u>അനുബന്ധമായി</u>** ചേർക്കുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രത്തിൽ അവശ്യ മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത കേന്ദ്രത്തിൽ അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്ന സാഹചര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള ഒ.പി. ക്ലിനിക്കുകൾ - ജീവനക്കാരുടെ വേതനം - പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി - പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ. (എം.എസ്) നമ്പർ. 93/2015/പജ.പവ.വിവ. തിരുവനന്തപുരം, തീയതി: 30/11/2015.

പരാമർശം:- 1) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 21/07/2011 ലെ സി2-8969/2011 നമ്പർ കത്ത്.

2) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) ഡയറക്ടറുടെ 15.12.2012 ലെ NRHM/Admn/3747/2012 നമ്പർ ഉത്തരവ്.

## ഉത്തരവ്

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ അട്ടപ്പാടി പ്രോജക്ട് ഓഫീസിനു കീഴിൽ രണ്ടും (ഇലച്ചി[redacted]), ഇടുക്കി പ്രോജക്ട് ഓഫീസനു [redacted] (കോഴിക്കാനം, വെള്ളക്കയം). ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസനു കീഴിൽ ഒന്നും (മലക്കപ്പാറ) ഒ.പി. ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. (ആകെ അഞ്ച്). പ്രസ്തുത ക്ലിനിക്കുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം 1 ലെ കത്ത് പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പരാമർശം 2 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒ.പി. ക്ലിനിക്കുകളിലെ ജീവനക്കാരുടെ വേതനം ആരോഗ്യ വകുപ്പിലെ മറ്റ് ക്ലിനിക്കുകളിലെ വേതനത്തിന് സമാനമായി നിജപ്പെടുത്തി നൽകുന്നതിനുള്ള ശുപാർശയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നൽകിയിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങളുടെയും, അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിദൂരസ്ഥലങ്ങളായ ഭൂപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത ക്ലിനിക്കുകളിൽ എത്തിച്ചേർന്ന് ജോലി ചെയ്യുന്നതിന്റെ പ്രയാസങ്ങളുടെയും അടിസ്ഥാനത്തിൽ, നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പരാമർശം 2 ലെ ഉത്തരവിൽ അനുവദിച്ചിട്ടുള്ളതു പ്രകാരം ജീവനക്കാർക്ക് പരിഷ്കരിച്ച് ഏകീകരിച്ച ഓണറേറിയം നൽകേണ്ടതാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മേൽ പ്രസ്താവിച്ച അഞ്ച് ഒ.പി. ക്ലിനിക്കുകളിലെ ജീവനക്കാരുടെ വേതനം ചുവടെ ചേർക്കുന്നു പ്രകാരം പരിഷ്കരിച്ച് ഏകീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.